തുടങ്ങി ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ശബരിമല ഉത്സവകാലത്ത് ചെയ്യാറുണ്ട്. ശുചീകരണത്തിന്റെ ഭാഗമായി പമ്പയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നുണ്ട്. വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 66 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണവും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ ജോലി ആരംഭിച്ചു കഴിഞ്ഞു.

കൊച്ചിൻ ദേവസ്വം ബോർഡിൽ പ്രസിഡന്റില്ലാതെ മെമ്പർമാർ മാത്രം യോഗം ചേർന്ന നടപടി

41 (844) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാരാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ജനുവരിക്ക് ശേഷം ഇതുവരെ കൊച്ചിദേവസ്വം ബോർഡിൽ പ്രസിഡന്റില്ലാതെ മെമ്പർമാർ മാത്രം യോഗം ചേർന്ന് തീരുമാനമെടുക്കുകയും അതനുസരിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര യോഗം നടന്നിട്ടുണ്ട് ;

(സി) മെമ്പർമാർ മാത്രം കൂടിയ യോഗതീരുമാനപ്രകാരം ഇറക്കിയ ഉത്തരവുകൾ റദ്ദാക്കണമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സെക്രട്ടറി അതനുസരിച്ച് പ്രവർത്തിച്ചോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) കൊച്ചി ദേവസ്വം ബോർഡ് പ്രസിഡന്റിനും ഒരു മെമ്പർക്കുമെതിരെ ദേവസ്വംബോർഡ് ജീവനക്കാരോ അവരുടെ സംഘടനകളോ ആരോപണമുന്നയിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ;

(ജി) ഈ ആരോപണങ്ങളെപ്പറ്റി അന്വേഷിക്കുമോ ?

ഉത്തരം

(എ) 'ഇല്ല' എന്ന് കൊച്ചിൻ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്&ജി) ചോദ്യം ഉദിക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്കൂളിലെ അദ്ധ്യാപക നിയമനം

42 (845) ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള പ്ലസ്-ടു സ്കൂളുകളിൽ ജ്യോഗ്രഫി, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ അദ്ധ്യാപക നിയമനത്തിനായി ഈ അദ്ധ്യയന വർഷത്തിൽ ഇന്റർവ്യൂ നടത്തിയത് എന്നായിരുന്നു ;

(ബി) ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ രണ്ട് വിഷയങ്ങളിലും അദ്ധ്യാപക നിയമനത്തിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(സി) ഈ റാങ്ക്‌ലിസ്റ്റുകളിൽ നിന്നും എത്രപേരെ വീതം നിയമിച്ചിട്ടുണ്ട് ;

(ഡി) നിയമനം നടത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞ വിഷയങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ജ്യോഗ്രഫി വിഷയത്തിന് 3-11-2000-ലും കമ്പ്യൂട്ടർ സയൻസിന് 2-11-2000 ലും തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇന്റർവ്യൂ നടത്തിയിട്ടുണ്ട്.

(ബി,സി&ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

(ഇ) ജ്യോഗ്രഫിക്ക് ഒന്നും കമ്പ്യൂട്ടർ സയൻസിന് നാലും ഒഴിവുകൾ നിലവിലുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

43 (846) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വില്ലേജ് ഓഫീസുകളിലേയും താലൂക്ക് ഓഫീസുകളിലേയും പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-7-98 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കി. റവന്യൂബോർഡ് അംഗത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം കമ്മീഷണറിൽ നിക്ഷിപ്തമായി. റവന്യൂവകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ജോലിഭാരം കുറഞ്ഞ ഓഫീസുകൾ നിറുത്തലാക്കുകയും, ഉദ്യോഗസ്ഥന്മാരെ ജോലിഭാരം അധികമായിട്ടുള്ളതും, ജീവനക്കാർ കുറവുള്ളതുമായ ഓഫീസുകളിൽ പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായരീതിയിൽ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly